# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 65**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2022 സെപ്റ്റംബർ 10–ാം തീയതി കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് നമ്മുടെ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തെക്കുറിച്ച് പരിഗണിക്കുകയുണ്ടായി. എപ്പിസ്ക്കോപ്പൽ സിനഡ് നൽകിയ നിർദ്ദേശങ്ങൾ പാലിക്കാമെന്ന് തിരുമേനി സമ്മതിച്ചിട്ടുണ്ട്. ഡൽഹി ഭദ്രാസനത്തിന്റെയും നിസ്സാ സൊസൈറ്റിയുടെയും സാമ്പത്തിക കാര്യങ്ങൾ ക്രമീകരിക്കുവാൻ സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിമാരെ ചുമതലപ്പെടുത്തി. ഈ വസ്തുതകൾ സെപ്റ്റംബർ 13, 14, 15 തീയതികളിൽ കൂടിയ സഭാ മണ്ഡലത്തിൽ പ്രസ്താവിക്കുകയും ചെയ്തു. സെപ്റ്റംബർ 16, 17 തീയതികളിൽ കൂടിയ എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചന പ്രകാരം മലേഷ്യ – സിംഗപ്പൂർ – ആസ്ട്രേലിയ – ന്യൂസിലന്റ് ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പായെ 2022 ഒക്ടോബർ 1–ാം തീയതി മുതൽ വിടർത്തുകയും തൽസ്ഥാനത്തേക്ക് അന്നേ ദിവസം മുതൽ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായെ നിയമിക്കുകയും ചെയ്യുന്നു. പൊതു എപ്പിസ്ക്കോപ്പൽ ട്രാൻസ്ഫർ സഭയിൽ ഉണ്ടാകുന്നത് വരെ മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ കോഴഞ്ചേരിയിലുള്ള ഹെർമിറ്റേജിൽ താമസം തുടരുകയും ചെയ്യും. തിരുമേനിയെ നിരണം – മാരാമൺ ഭദ്രാസനത്തിന്റെ സഹായ എപ്പിസ്ക്കോപ്പാ എന്ന സ്ഥാനത്ത് നിന്നും 2022 ഒക്ടോബർ 1 മുതൽ വിടർത്തുകയും, തിരുമേനിയുടെ മേൽ ഇപ്പോൾ നിലവിലുള്ള വിലക്കുകൾ നീക്കം ചെയ്യുകയും ചെയ്യുന്നു. കഴിഞ്ഞ സംവത്സരങ്ങളിൽ മലേഷ്യ – സിംഗപ്പൂർ – ആസ്ട്രേലിയ – ന്യൂസിലന്റ് ഭദ്രാസനത്തിന് നേതൃത്വം നല്കിയ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പായോടുള്ള നന്ദി അറിയിക്കുന്നു. പുതുതായി ചുമതലയിൽ പ്രവേശിക്കുന്ന തിരുമേനിക്ക് ഏവരും പ്രാർത്ഥനാപൂർവ്വമായ സഹകരണം നല്കുകയും വേണം. ഈ തീരുമാനങ്ങളിലൂടെ സഭാ ഭരണകാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കപ്പെടുവാൻ കർത്താവ് നമുക്കെല്ലാവർക്കും കൃപ നൽകട്ടെ.

2022 സെപ്റ്റംബർ മാസം 20–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 65**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The Hon. Episcopal Synod that met on 10th September 2022 considered the subject of the official duties of Dr. Gregorios Mar Stephanos Episcopa. Thirumeni has agreed to follow the directions given by the Hon. Episcopal Synod. The Suffragan Metropolitans have been entrusted to put in order the financial matters of the Delhi Diocese and the NIZA society. These facts were announced in the Sabha Prathinidhi Mandalam that was convened on 13th, 14th, and 15th September 2022. The Hon. Episcopal Synod that met on 16th and 17th September decided to transfer Dr. Mathews Mar Makarios Episcopa from the Diocese of Malaysia-Singapore-Australia-New Zealand, and to appoint Dr. Gregorios Mar Stephanos Episcopa to the Diocese in his place w.e.f. 1st October 2022. Mar Stephanos Episcopa will continue to reside at the Hermitage, Kozhencherry, until the next general Episcopal transfer. Thirumeni is also relieved from the responsibility of Auxiliary Bishop of the Niranam-Maramon Diocese w.e.f. 1st October 2022, and all restrictions currently imposed on Thirumeni are hereby revoked. We thank Dr. Mathews Mar Makarios Episcopa who led the Malaysia-Singapore-Australia-New Zealand Diocese in the past years. We must pray and support Mar Stephanos Thirumeni as he enters into the new responsibility. May our Lord grant us grace to effectively carry out the administration of the Church through these decisions.

Dated 20 September 2022, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**